വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ യും ബി യും) പഴയ മലബാർ ഭാഗത്തെ റിസർവ് വനങ്ങളിൽ 1-1-1977-ന് മുൻപുള്ള കൈയേറ്റങ്ങൾ ഇല്ലാത്തതുകൊണ്ട് സംയുക്ത പരിശോധന ആവശ്യമായി വരുന്നില്ല. അതേ സമയം നിക്ഷിപ്ത വനമേഖലയിലെ ചില കൈവശാവകാശങ്ങളെ സംബന്ധിച്ചും മറ്റും വിവിധ ട്രിബ്യൂണലുകളിലും കോടതികളിലും കേസ്സുകൾ നിലവിലുണ്ട്. അത്തരം കേസ്സുകളിൽ സംയുക്ത പരിശോധനയുടെ ആവശ്യമില്ല. ട്രിബ്യൂണലുകളേയോ കോടതികളേയോ സമീപിക്കാത്ത കൈവശാവകാശവാദങ്ങൾ അംഗീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് 1-1-1977-നു മുൻപുള്ള റിസർവ് വനത്തിലെ കൈയേറ്റക്കാരുടെ കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നയം നിക്ഷിപ്ത വനങ്ങൾക്ക് ബാധകമല്ല.

(സി) പത്തനംതിട്ട ജില്ലയൊഴികെയുള്ള ജില്ലകളിൽ വെരിഫിക്കേഷൻ മിക്കവാറും പൂർത്തിയാക്കി.

(ഡി) (എ), (ബി) ചോദ്യങ്ങളിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

'ഹരിജൻ' എന്ന പേര്

* 118: [123] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദായത്തിന്റെ ഏറ്റവും പിന്നണിയിൽ കിടക്കുന്ന പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുന്ന ജനവിഭാഗത്തിന് രാഷ്ട്രപിതാവായ മഹാത്മജി നൽകിയ 'ഹരിജൻ' എന്ന പേര് എടുത്ത് കളഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) എസ്. എസ്. എൽ. സി. ബുക്കിലും ജാതി സർട്ടിഫിക്കറ്റിലും ഹരിജൻ എന്ന പേര് ഉപയോഗിക്കുന്നില്ല. സംസ്ഥാനത്തെ പട്ടിക ജാതിക്കാരുടെ വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പേരിൽ നിന്നും ഹരിജൻ എന്ന പദം ഒഴിവാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാരുടെ സംഘടനകളും, വ്യക്തികളും ഹരിജൻ എന്ന പദം അപകീർത്തികരമാണെന്ന് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമാണ് ഈ മാറ്റം വരുത്തിയത്.

വിരാജ്പേട്ട പ്രദേശത്തെ മലയാളികൾ

* 119 [124] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കുടക് കുടകർക്ക്' എന്ന മുദ്രാവാക്യവുമായി മലയാളികളെ പുറത്താക്കാൻ കർണ്ണാടകക്കാർ സംഘടിതമായി വിരാജ്പേട്ട പ്രദേശത്തെ മലയാളികളെ മർദ്ദിക്കുകയും അവരുടെ സ്വത്തുക്കൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തതായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ട് അവിടെ കേരളീയ-കർണ്ണാടക സഹോദര മനഃസ്ഥിതി നിലനിർത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇതു സംബന്ധിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടകിൽ താമസമാക്കിയിട്ടുള്ള കേരളീയരായ എല്ലാവരുടേയും ജീവനും സ്വത്തിനും പൂർണ്ണസംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് 12-3-1986-ൽ കർണ്ണാടക മുഖ്യമന്ത്രിക്ക് സന്ദേശമയയ്ക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവണമെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിയോടും ആവശ്യപ്പെടുകയുണ്ടായി. ആ പ്രദേശത്തുള്ള എല്ലാവരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനു വേണ്ട എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്ന് കർണ്ണാടക മുഖ്യമന്ത്രിയുടെ ഉറപ്പും ലഭിക്കുകയുണ്ടായി.

ആയുർവേദ ബിരുദ-ബിരുദാനന്തര പഠനം

* 120. [125] ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ബിരുദാനന്തര പഠനവും, ബിരുദ പഠനവും ഒരു യൂണിറ്റിൻ കീഴിൽ പ്രവർത്തിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ, ബി) അണ്ടർ ഗ്രാഡ്വേറ്റ് പഠന സൗകര്യമുള്ളിടത്തു മാത്രമേ ബിരുദാനന്തര പഠനം ഏർപ്പെടുത്താവൂ എന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി, ഡി) ഇക്കാര്യം സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിനുമായി ആലോചിച്ചുവരികയാണ്.

കെ. ടി. ഡി. സി. യിലെ നിയമനങ്ങൾ

* 121. [126] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. യിൽ പൊതുവിജ്ഞാപനം നടത്തി ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന നടപടി സ്വീകരിക്കാമോ ;

(ബി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും കാറ്ററിംഗ് പഠിച്ചവർക്ക് കെ. ടി. ഡി. സി. യിൽ നിയമനത്തിൽ മുൻഗണന കൊടുക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കെ. ടി. ഡി. സി. യിൽ പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരിധിയിൽപ്പെടുന്ന തസ്തികകളിലേക്ക് പി. എസ്. സി. വിജ്ഞാപനം മുഖേനയാണ് നിയമനം നടത്തുന്നത്. മറ്റ് തസ്തികയിൽ ഒഴിവുണ്ടാകുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചും പത്രങ്ങളിൽ വിജ്ഞാപനം നടത്തിയും നിശ്ചിത നടപടിക്രമമനുസരിച്ച് നിയമനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly